# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1565 | 03.10.2011-ൽ മറുപടിക്ക്

### സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന വാഹനങ്ങൾക്ക് നിബന്ധനകൾ.

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി.എ. അഹമ്മദ് കബീർ;<br>ശ്രീ. കെ.എം. ഷാജി;<br>ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ;<br>ശ്രീ. കെ.എൻ. എ. ഖാദർ: | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടും സ്കൂൾ കുട്ടികളെ കുത്തിനിറച്ച് കൊണ്ടുപോകുന്ന വാഹനങ്ങൾ അമിതവേഗതയിൽ സഞ്ചരിച്ച് അപകടങ്ങൾ വരുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. ഇത്തരം വാഹനങ്ങൾക്ക് എതിരെ കർശന നടപടികൾ എടുക്കുന്നുണ്ട്. |
| (ബി) ഇക്കാര്യം പരിശോധിക്കാനും നിയന്ത്രിക്കാനും ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ഈ വിഷയത്തിൽ ശുഷകാന്തി കാണിക്കാതിരിക്കുന്നതു മൂലം നിയന്ത്രണങ്ങൾ ഫലപ്രദമാകാത്ത കാര്യം പരിശോധിക്കുമോ; | (ബി) നിയന്ത്രണങ്ങൾ ഫലപ്രദമാണ്. ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻമാർ അവരവരുടെ കർത്തവ്യങ്ങൾ ഇക്കാര്യത്തിൽ കരുതലോടും ശുഷ്കാന്തിയോടും പ്രവർത്തിക്കണമെന്നും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ചുമതലകളിൽ വീഴ്ച വരുത്തുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥന്മാർ പരിശോധിക്കാറുണ്ട്. ഇത്തരം അപകടങ്ങൾ ഒഴിവാക്കാനായി കേരളത്തിലാകമാനം 7445 സ്കൂൾ |

ബസുകളുടെ ഡ്രൈവർമാർക്ക് ഗതാഗതവകുപ്പിൽ നിന്നും പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ സ്കൂൾ ബസുകൾക്ക് സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കുന്നതിനുവേണ്ടി കേരള മോട്ടോർ വാഹനചട്ടങ്ങളിൽ മാറ്റം വരുത്തുന്നതും പരിഗണനയിലാണ്. സ്കൂൾ ബസുകൾക്ക് എമർജൻസി എക്സിറ്റ് നിർബന്ധമാക്കി കൊണ്ടുള്ള കരട് ഭേദഗതി ഗതാഗത വകുപ്പിൽ നിന്നും പ്രസിദ്ധീകരിച്ചു കഴിഞ്ഞു.

(സി) പോലീസ്, ട്രാൻസ്പോർട്ട് വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെയും ബന്ധുക്കളുടെയും പേരിലുള്ള നിരവധി വാഹനങ്ങൾ ഈ വിധത്തിൽ കുട്ടികളെ കൊണ്ടുപോകുന്നതു മൂലമാണ് നിയന്ത്രണം ഫലപ്രദമായി നടപ്പാക്കാത്തതെന്ന് അറിവുണ്ടോ;

(സി) ഇത്തരം സംഭവങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കുട്ടികളെ കൊണ്ടു പോകുന്ന വാഹനങ്ങൾക്കു വേണ്ട നിബന്ധനകളും കയറ്റാവുന്ന കുട്ടികളുടെ എണ്ണവും, വേഗ പരിധിയും സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങളുടെ അറിവിനായി പ്രസിദ്ധീകരിക്കുമോ?

(ഡി) ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ